**2021 ഫെബ്രുവരി 17 ന് ഉച്ചക്ക് 12.00 മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അവർകളുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന ആറാമത് കില ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ ഓൺലൈൻ)**

| | | | |
|---|---|---|---|
| 1. | ശ്രീ. എ. സി.മൊയ്തീൻ<br>ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | : | ചെയർപേഴ്സൺ |
| 2. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | : | കൺവീനർ |
| 3. | ഡോ. പി.കെ ജയശ്രീ IAS<br>തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (Rural) | : | മെമ്പർ |
| 4. | കുമാരി രമ്യ ഹരിദാസ്<br>ബഹു.എം.പി , ആലത്തൂർ ലോകസഭാ മണ്ഡലം | : | മെമ്പർ |
| 5. | ശ്രീമതി. ഐഷ പോറ്റി, ബഹു.എം പി.<br>കൊട്ടാരക്കര ലോകസഭാ മണ്ഡലം | : | (Special Invitee) |
| 6. | ശ്രീ. അനിൽ അക്കര,<br>ബഹു.എം.എൽ.എ, വടക്കാഞ്ചേരി നിയമസഭാ മണ്ഡലം | : | മെമ്പർ |
| 7. | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>പ്രസിഡണ്ട്, Mayors Council | : | മെമ്പർ |
| 8. | ശ്രീ. ആർ സുഭാഷ്, പ്രസിഡണ്ട്,<br>കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ | : | മെമ്പർ |
| 9. | അഡ്വ. തുളസീഭായ്, പ്രസിഡണ്ട്,<br>കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ | : | മെമ്പർ |
| 10. | ശ്രീ.ബി.കെ ബൽരാജ്<br>ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)<br>(തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ(Urban) പ്രതിനിധി) | : | മെമ്പർ |
| 11. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | മെമ്പർ |
| 12. | ശ്രീ. വി. എസ്. സന്തോഷ് കുമാർ ADDC<br>CRD പ്രതിനിധി | : | മെമ്പർ |
| 13. | ഡോ. കതിരേശൻ .<br>(NIRD&PR നിന്നുള്ള പ്രതിനിധി)<br>സീനിയർ അസിസ്റ്റന്റ് പ്രൊഫസർ<br>NIRD&PR, ഹൈദരാബാദ് | : | മെമ്പർ |

കുറിപ്പ് : **17/07/2020** തീയതിയിലെ സ.ഉ.(കൈ) നം.**106/2020**/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയക്ടർ, നഗരകാര്യവകുപ്പ് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ തസ്തികകൾ പുനർനാമകരണം ചെയ്തത് പ്രകാരമാണ് ഹാജർ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്

**ഐറ്റം നമ്പർ : 1**

05.11.2020 ന് ചേർന്ന അഞ്ചാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം -I)**

**തീരുമാനം**

**05.11.2020 ന് ചേർന്ന അഞ്ചാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു**

**ഐറ്റം നമ്പർ: 2**

**മുൻ ഗവേർണിംഗ് കൗൺസിൽയോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 5TH GOVERNING COUNCIL HELD ON 05/11/2020 | |
|---|---|
| Governing Council Decision | Action Taken |
| **ഐറ്റം നമ്പർ: 1**<br>**23.07.2020-ലെ നാലാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**<br>തീരുമാനം: മിനിറ്റ്സ് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ: 2**<br>**മുൻ ഗവേർണിംഗ് കൗൺസിൽയോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**<br>തീരുമാനം:മുൻ ഗവേണിംഗ് കൗൺസിൽ യോഗങ്ങളിലെടുത്ത നടപടി സംബന്ധിച്ച നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.<br>കിലയിൽഅർബൻ ചെയർ രൂപീകരിക്കുന്നതിന്റെ ഭാഗമായി പുതുതായി സൃഷ്ടിച്ച Urban Chair Professor, Senior Urban Fellow, Urban Fellow എന്നീ 3 സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായതിനെ തുടർന്ന് 31/07/2020 തീയതിയിലെ സർക്കാർ ഉത്തരവ് നം.ജി.ഒ(എംഎസ്)/115/2020/തസ്വഭവ പ്രകാരം ടി തസ്തികകൾ കിലയുടെ സർവ്വീസ് ബൈലോയിൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കില സർവ്വീസ് ബൈലോയിൽ 3 സ്ഥിരം തസ്തികകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ബൈലോ ഭേദഗതി ചെയ്ത് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നമ്പർ : 3**<br>**ഓഡിറ്റ് റിപ്പോർട്ട്: 2019-20 അംഗീകരിക്കുന്നത് സംബന്ധിച്ച്**<br>**തീരുമാനം**<br>2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ സംബന്ധിച്ച് കില ഡയറക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു. |

| | |
|---|---|
| **ഐറ്റം നമ്പർ :4**<br><br>**<u>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം–KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം–പ്രവർത്തികൾ സംബന്ധിച്ച റിപ്പോർട്ട് – സംബന്ധിച്ച് തീരുമാനം</u>**<br><br>KIIFB പ്രോജക്ടിന്റെ നടത്തിപ്പ് കിലയുടെ കീഴിൽ ഊർജ്ജസ്വലമായി നടന്നുവരുന്നതിൽ സംതൃപ്തി രേഖപ്പെടുത്തി. | തുടർപ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് അജണ്ട (ഐറ്റം നം. 4) ആയി ഉൾച്ചേർത്തിട്ടുണ്ട് |
| **ഐറ്റം നമ്പർ : 5**<br>**<u>കില പ്രവർത്തന റിപ്പോർട്ട് – 2020–21.</u>**<br><br>**<u>തീരുമാനം</u>**<br>1. കോവിഡ്–19 കാലഘട്ടത്തിലെ കിലയുടെ പ്രവർത്തനത്തിൽ അഭിനന്ദനാർഹമാണെന്ന് രേഖപ്പെടുത്തി.<br>2. പ്രാദേശിക സർക്കാരുകളുടെ നല്ല മാതൃകകൾ അവതരിപ്പിക്കുന്നതിനായി കില നടത്തിവരുന്ന കിലയുടെ 'ദേശീയ വെബിനാർ സീരിസ്' ദേശീയ അന്തർദേശീയ തലത്തിൽ വളരെയധികം ശ്രദ്ധയാകർഷിച്ചു. ഇത് പ്രശംസാർഹമാണ് എന്ന അഭിപ്രായം രേഖപ്പെടുത്തി<br>3. കില കൺസൾട്ടൻസിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയ പ്രവർത്തനം ഏറെ അഭിമാനകരമാണ് എന്ന് അഭിപ്രായപ്പെട്ടു.<br>4. കില നടത്തി വരുന്ന വെബ്ബിനാറുകൾ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്നത് വരുംതലമുറക്ക് മുതൽക്കൂട്ടാകും എന്ന് അഭിപ്രായപ്പെട്ടു.<br>5. കോവിഡ് –19 കാലഘട്ടത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കില കൊട്ടാരക്കര സെന്ററിൽ നടത്തിവരുന്ന കാർഷിക പ്രവർത്തികൾ അഭിനന്ദാർഹമാണെന്ന് ബഹു. കൊട്ടാരക്കര ലോകസഭാ മണ്ഡലം എം.പി. ശ്രീമതി ആയിഷ പോറ്റി | ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്ന നടപടികൾ ആരംഭിച്ചു |

| | |
|---|---|
| അഭിപ്രായപ്പെട്ടു. മറ്റു കേന്ദ്രങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നടന്നു വരുന്നതിലുള്ള അഭിനന്ദനവും രേഖപ്പെടുത്തി.<br>**6.** കിലയുടെ പ്രവർത്തനം വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചതിന് കില ഡയറക്ടർ ജനറലുടെ പങ്ക് അത്യന്തം അഭിനന്ദാർഹമാണ് എന്ന് അഭിപ്രായപ്പെട്ടു.<br>**7.** കിലയുടെ പ്രവർത്തനങ്ങളിൽ ബഹു. വടക്കാഞ്ചേരി എം.എൽ.എ. ശ്രീ. അനിൽ അക്കര അഭിനന്ദനം രേഖപ്പെടുത്തി.<br>**8.** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്കായി നടത്തുന്ന പരിപാടികളിൽ മുൻ അസോസിയേഷനുകളുടേയും വിദഗ്ധരുടേയും പ്രവർത്തനം മുതൽക്കൂട്ടായിരിക്കണം എന്ന് അഭിപ്രായപ്പെട്ടു. പുതിയ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ അതാത് പരിശീലനാർത്ഥികളുടെ സ്ഥലം എം.എൽ.എ യെ കൂടി ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നത് സഹവർത്തിത്വം ഉണ്ടാക്കുന്നതിന് സഹായിക്കും.<br>**9.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷനുകൾക്ക് കില നൽകിയ സേവനങ്ങൾക്ക് വിവിധ അസോസിയേഷൻ പ്രതിനിധികൾ നന്ദി അറിയിച്ചു. അത് പോലെ കിലയുമായി ഏറെ സഹകരിച്ച അസോസിയേഷനുകൾക്ക് കില ഡയറക്ടർ ജനറൽ നന്ദി അറിയിച്ചു.<br>10. ഗവേണിംഗ് കൗൺസിൽ യോഗത്തിൽ കൊട്ടാരക്കര കേന്ദ്രം കിലയുടെ ഭാഗമായതിനാൽ സ്ഥലം എം.പി. ക്കും അംഗത്വം നൽകുന്നതിനായി ബഹു. എം.എൽ.എ ശ്രീ അനിൽ അക്കരയുടെ നിർദ്ദേശം നയപരമായ തീരുമാനം ആവശ്യമാണ് എന്ന് അഭിപ്രായപ്പെട്ടു. | |

| ACTION TAKEN REPORT ON THE DECISION OF THE 4TH GOVERNING COUNCIL HELD ON 23/07/2020 | |
|---|---|
| **Governing Council Decision** | **Action Taken** |
| <u>ഐറ്റം നമ്പർ : 2</u><br>27.08.2019ന് ചേർന്ന മൂന്നാമത് ഗവേർണിംഗ് കൗൺസിൽ മുൻ യോഗതീരുമാനങ്ങളിലെടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തിയതോടൊപ്പം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു.<br><br>സംയോജിത കിലയുടെ നിയമാവലി പൂർത്തികരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു. കിലയിലെയും മുൻ എസ്.ഐ.ആർ.ഡിയിലെയും നിയമാവലികളിൽ ഉൾപ്പെടുത്തേണ്ടിയിരുന്നവ കൂടി പരിഗണിച്ചു ഇത് പൂർത്തിയാക്കണം. ഇതിനായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാനപ്രകാരം സംയോജിത കിലയുടെ പുതുക്കിയ നിയമാവലി കരട് തയ്യാറായിട്ടുണ്ട്. ആയത് അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് തീരുമാന പ്രകാരം അടുത്ത .ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

| ACTION TAKEN REPORT ON THE DECISION OF THE 3rd GOVERNING COUNCIL HELD ON 27/08/2019 | |
|---|---|
| Governing Council Decision | Action Taken |
| **ഐറ്റം നമ്പർ : 10**<br>കില-കൊട്ടാരക്കര- വനിതകൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണം<br>**തീരുമാനം :**<br>**1).** കില-കൊട്ടാരക്കര സെന്ററിൽ വനിതകൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.<br>**2).** നിർമ്മാണാവശ്യത്തിനുള്ള തുക ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുവാൻ തീരുമാനിച്ചു ആയതിലേക്ക് .ആവശ്യമായ ഉത്തരവിനായി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. | 1. കില – കൊട്ടാരക്കര കേന്ദ്രത്തിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായുള്ള ശിലാസ്ഥാപനം ബഹു.തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ശ്രീ. എ.സി. മൊയ്തീൻ അവർകൾ 09/02/2021 തീയതി ഓൺലൈൻ മുഖേന നിർവ്വഹിച്ചു.<br><br>2. 27/12/2019 ലെ സ.ഉ (സാധാ) നം.2956/2019/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം 47 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 3 ലക്ഷം രൂപ വീതവും വടകര ബ്ലോക്കിൽ നിന്ന് 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 142 ലക്ഷം രൂപ 31/01/2021 വരെ ലഭ്യമായിട്ടുണ്ട് ) 3,42,12,980 രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഇനിയും കിലക്ക് ലഭ്യമാവേണ്ടതുണ്ട്. വിഹിതം ലഭ്യമാക്കുന്നതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്തയച്ചിട്ടുണ്ട്. |

**തീരുമാനം**

**മുൻ ഗവേണിംഗ് കൗൺസിൽ യോഗങ്ങളിലെടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.**

ഐറ്റം നമ്പർ : 03

ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്

കിലയുടെ മെമ്മൊറാണ്ടം ഓഫ് അസോസിയേഷനിലെ ഖണ്ഡിക17 ൽ 1 (II) പ്രകാരം കിലയിലെ ഓഡിറ്ററെ നിയമിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനുമുള്ള അധികാരം ഗവേർണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

**16.01.2018, 23.01.2019, 23.07.2020** തീയതികളിൽ ചേർന്ന ഗവേർണിംഗ് കൗൺസിൽ തീരുമാന പ്രകാരം 2017-18 മുതൽ 2019-20 വരെയുള്ള ഓരോ വർഷങ്ങളിലും **M/s. SKV Associates, Chartered Accountant, Thrissur** എന്ന സ്ഥാപനത്തെയാണ് നിയമിച്ചിരുന്നത്. ഓഡിറ്റ് ഫീ 75,000/ രൂപ ആയിരുന്നു. **M/s. SKV Associates, Chartered Accountant, Thrissur** എന്ന സ്ഥാപനം തുടർച്ചയായി മൂന്ന് വർഷം ഓഡിറ്റ് നടത്തിയതിനാൽ 2020-21 സാമ്പത്തിക വർഷത്തിലേക്ക് പുതിയ ഓഡിറ്ററെ നിയമിക്കുന്നത് അഭികാമ്യമായിരിക്കും.

2020-21 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് 2020 ഒക്ടോബർ മാസം മുതൽ ഓഡിറ്റേഴ്സ് പാനൽ ശേഖരിച്ചത് പ്രകാരം ലഭ്യമായ 4 ചാർട്ടേർഡ് അക്കൌണ്ടന്റ്സ് സ്ഥാപനങ്ങളുടെ പാനൽ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| # | Name & Address of Firm | No of Branches | Years of Experience | Expertise and Experience of Auditing |
|---|---|---|---|---|
| 1 | SGS & COMPANY,<br>CA MED TOWER, X-657-B ,<br>PALLIKULAM ROAD,NEAR CHALDEAN CENTRE THRISSUR-680001<br>mail@sgsandcompany.com<br>Land lines: 0487 2446109 and 2425420 | 4 | 18 | • Statutory Audit of Bank<br>• Concurrent Audit Of Bank<br>• Internal Audit assignments of various entities<br>• Statutory audit of Private limited companies and Insurance Companies<br>• Tax Audits<br>• Business support services to Financial Institutions<br>• Consultation in Income tax, Service Tax, Vat, GST and company law matters<br>• Other assignments like periodical stock verification and Accounts Management Services Etc.<br>• HDS Audit |
| 2 | Joseph Lal & Associates Chartered Accountants<br>Flamon Complex, III Floor, Kuriachira, Thrissur, Kerala – 680 006<br>Tel+91 95 3 91 2 63 05, 0487 7 96 00 40<br>josephlalassociates@gmail.com | 1 | 8 | • Auditing<br>• Direct Taxation & Assessments<br>• GST & other Indirect Taxes<br>• Company Law Matters<br>• Tailor made scope |

| | | | | |
|---|---|---|---|---|
| | cajosephlal@gmail.com | | | oriented Internal Audits<br>• Business Process Audits<br>• Management Consultancy<br>• Accounting outsources<br>• Fixed Assets Verification |
| 3 | Vipin K K and Co.,<br>Chartered Accountants,<br>Flat A1, Ground Floor,<br>Park City Ruby Apartment,<br>Kannamkulagara<br>Koorkanchery P.O.<br>Thrissur – 7<br>Kerala<br>Ph: +91-487-2955244 \| Mobile: +91 9605612244\|<br>vpnandco@gmail.com<br>vpn_kk@yahoo.co.in | 1 | 1 | • Statutory Audit in Nationalised Bank<br>• Audit in Insurance Company<br>• Statutory Audit of Companies |
| 4 | Rajesh M & Associates<br>Chartered Accountants<br>Karthika, Palliyil Lane,<br>Kottapuram, P O Poothole, Thrissur-680004<br>rajeshnithinandassociates@gmail.com | 1 | 3 | • Internal Audit<br>• Statutory Audit<br>• Tax Planning and Advisory Services Compliances |

2020-21 സാമ്പത്തിക വർഷത്തെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി ഓഡിറ്റ് ഫീസ് നിശ്ചയിച്ചുകൊണ്ട് ടി പാനലിൽ നിന്നും ഒരു ചാർട്ടേർഡ് അക്കൗണ്ട് സ്ഥാപനത്തെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള അംഗീകാരത്തിനായി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**2020-21 സാമ്പത്തിക വർഷത്തെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി 75,000/ രൂപ ഓഡിറ്റ് ഫീ നിരക്കിൽ M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തെ നിയമിക്കുവാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു.**

ഐറ്റം നമ്പർ :4

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം-KILA- KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം-പ്രവർത്തികൾ സംബന്ധിച്ച റിപ്പോർട്ട് – സംബന്ധിച്ച്**

(1) **446 സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനം ( 1 കോടി വീതം)**

**ആമുഖം**

- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി 18/06/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ടി പ്രവർത്തികളുടെ നിർവ്വഹണത്തിനായിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) ആയി KITE നെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു.
- 24/07/2019 ന് ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിൽ 18/06/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN പ്രകാരമുള്ള 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തുകയും തുടർന്ന് 17/08/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 3302/2019-GEDN പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു
- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭഗമായി സ്കൂളുകളുടെ ഭൌതിക വികസന പദ്ധതി നിർവ്വഹണത്തിനായി കിലയെ SPV ആയി ചുമതലപ്പെടുത്തിയത് പ്രകാരം പ്രോജക്ട് നടപ്പിലാക്കുന്നതിന് 27/08/2019 തീയതിയിലെ ഗവേർണിംഗ് കൗൺസിൽ തീരുമാനം ഐറ്റം നം. 9 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU)**

- SPV യുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി 30/01/2020 ലെ G.O (Ms) No. 24/2020/തസ്വഭവ ഉത്തരവ് പ്രകാരം Project Management Unit (PMU) രൂപീകരിച്ച് കൊണ്ടും PMU ന്റെ പ്രവർത്തനങ്ങൾക്കായി താത്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ആവശ്യാനുസരണം നിയമനം നടത്തുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും KIIFB പ്രോജക്ടിൽ നിന്നും കിലക്ക് ലഭിക്കുന്ന Centage Charge ൽ നിന്നാണ് PMU ന്റെ ചെലവുകൾ വഹിക്കേണ്ടത് എന്നും പ്രതിപാദിച്ചിട്ടുണ്ട്.
- കിലയുടെ തിരുവനന്തപുരം റീജണൽ സെന്ററിൽ ആണ് KILA-KIIFB PMU ഓഫീസ് പ്രവർത്തിച്ച് വരുന്നത്. സർക്കാർ ഉത്തരവ് 05/05/2020 തീയതിയിലെ G.O (Rt) No.829/2020/LSGD, 11/05/2020 തീയതിയിലെ G.O (Rt) No.852/2020/LSGD എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ നിന്ന്

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താഴെപ്പറയുന്ന തസ്തികകളിൽ 2020 മെയ് മാസത്തിൽ ജോലിയിൽ പ്രവേശിച്ചു.

| Name of Post in PMU | No. of Post | Cadre |
|---|---|---|
| ചീഫ് മാനേജർ (ടെക്നിക്കൽ) | 1 | Superintending Engineer |
| റീജണൽ മാനേജർ (ടെക്നിക്കൽ)) | 3 | Executive Engineer |
| മാനേജർ (ടെക്നിക്കൽ) | 3 | Assistant Executive Engineer |

- സമയബന്ധിതമായി DPR കിഫ്ബിക്ക് സമർപ്പിക്കുന്നതിനായി PMU Unit ലേക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് റിട്ടയർ ചെയ്ത 2 പേരെ 30385/- രൂപ നിരക്കിൽ പ്രോജക്ട് അസിസ്റ്റന്റായി താൽക്കാലിക കരാറടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. 14 ജില്ലകളിലേക്കും ഓരോ എൻജിനീയറിംഗ് ബിരുദധാരികളെ വീതം പ്രോജക്ട് ഇന്റേണായി പ്രതിമാസം 24040/- രൂപ നിരക്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ASAP ൽ നിന്ന് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം നിയോഗിച്ചിട്ടുണ്ട്. അപേക്ഷ ക്ഷണിച്ചതു പ്രകാരം പ്രോജക്ട് എൻജിനീയർ (IT) ആയി 35300/- രൂപ നിരക്കിൽ താൽക്കാലിക കരാറടിസ്ഥാനത്തിൽ ഒരാളെ നിയോഗിച്ചിട്ടുണ്ട്. 30385/- രൂപ നിരക്കിൽ പ്രോജക്ട് അസിസ്റ്റന്റായി കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരാളെ നിയോഗിച്ചിട്ടുണ്ട്. പ്രോജക്ട് എൻജിനീയർ സിവിൽ (3 Nos) താൽക്കാലിക തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾക്ക് 15/02/2021 നകം ജോലിയിൽ പ്രവേശിക്കുന്നതിനായുള്ള ഓഫർ ലെറ്റർ അയച്ചിട്ടുണ്ട്.

**സെന്റേജ് ചാർജ്ജ്**

- 07/08/2020 തീയതിയിലെ കിഫ്ബിയുടെ പ്രൊസീഡിംഗ്സ് നമ്പർ FA-5/Centage–KILA/07/2020/KIIFB പ്രകാരം ജി.എസ്.ടി ഉൾപ്പെടെ 3,58,72,000 രൂപ centage ചാർജ്ജിന്റെ ആദ്യഗഡുവായി കിലക്ക് അനുവദിക്കുകയും TDS (7.5%) ഇനത്തിൽ 22,80,000 രൂപ കിഴിച്ച് ബാക്കി 3,35,92,000 രൂപ കിലയുടെ അക്കൌണ്ടിലേക്ക് 07/08/2020 തീയതിയിൽ ലഭ്യമാക്കിയിട്ടുള്ളതാണ്.

**സാങ്കേതികാനുമതി സമിതികൾ**

- സ്കൂളുകളിലെ നവീകരണവുമായി ബന്ധപ്പെട്ട തുടർ പ്രവൃത്തികൾക്ക്സാങ്കേതികാനുമതി നൽകുന്നതിനായി 03/08/2020 തീയതിയിലെ G.O (Ms) No. 134/2020/GEDN പ്രകാരം സാങ്കേതികാനുമതി സമിതികൾ രൂപീകരിച്ചുക്കൊണ്ട് സർക്കാർ ഉത്തരവാകുകയുണ്ടായി

**പദ്ധതി നിർവ്വഹണം**

- 446 സ്കൂളുകളിൽ feasible ആയിട്ടുള്ള 405 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 397 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടർന്ന് 'സാങ്കേതികാനുമതി സമിതികൾ' 225 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. തുടർന്ന് 225 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 168 സ്കൂളുകളുടെ തുടർ നടപടികൾ പൂർത്തീകരിച്ചതിൽ 40 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചതിനെത്തുടർന്ന് 20 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

| STATUS OF 446 SCHOOLS UNDER KIIFB AS ON 12-02-2021 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | DISTRICT | Total No. works | Not Feasible works *(Nos)* | Feasible works *(Nos)* | Approved by KIIFB | TS issued | Tendered | Agreement executed | Work Started | Remarks |
| 1 | Thiruvananthapuram | 55 | 2 | 53 | 53 | 44 | 44 | 1 | 0 | |
| 2 | Kollam | 31 | 5 | 26 | 25 | 22 | 22 | 8 | 5 | |
| 3 | Pathanamthitta | 3 | 0 | 3 | 3 | 3 | 3 | 2 | 2 | |
| 4 | Alappuzha | 24 | 2 | 22 | 18 | 6 | 6 | 0 | 0 | |
| 5 | Kottayam | 9 | 0 | 9 | 9 | 3 | 3 | 0 | 0 | |
| 6 | Idukki | 12 | 0 | 12 | 12 | 7 | 7 | 0 | 0 | |
| 7 | Ernakulam | 25 | 4 | 21 | 21 | 8 | 8 | 0 | 0 | |
| 8 | Thrissur | 32 | 3 | 29 | 29 | 22 | 22 | 0 | 0 | |
| 9 | Palakkad | 36 | 2 | 34 | 34 | 33 | 33 | 29 | 13 | |
| 10 | Malappuram | 65 | 9 | 56 | 53 | 27 | 27 | 0 | 0 | |
| 11 | Kozhikkode | 31 | 2 | 29 | 29 | 12 | 12 | 0 | 0 | |
| 12 | Wayanad | 30 | 0 | 30 | 30 | 12 | 12 | 0 | 0 | |
| 13 | Kannur | 40 | 7 | 33 | 33 | 22 | 22 | 0 | 0 | |
| 14 | Kasaragod | 53 | 5 | 48 | 48 | 4 | 4 | 0 | 0 | |
| | TOTAL | 446 | 41 | 405 | 397 | 225 | 225 | 40 | 20 | |

**മേൽ പ്രവർത്തനങ്ങൾ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു**

**(2) 200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനം ( 3 കോടി വീതം)**

28/11/2021 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 783/2021-പൊവിവ പ്രകാരം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ മൂന്ന് കോടി രൂപ ധനസഹായത്തോടെ അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങൾക്കായി 233 സ്കൂളുകളുടെ എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തിയ നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രവർത്തി ആരംഭിക്കാത്ത194 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കിലയെ ചുമതലപ്പെടുത്തി ഉത്തരവായി. അതോടൊപ്പം തന്നെ 04/11/2020 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 2997/2020-GEDN **(അനുബന്ധം -2)** പ്രകാരം 6 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം മൂന്ന് കോടി രൂപ വീതം ധനസഹായമുള്ള ആകെ 200 സ്കൂളുകളുകളുടെ നിർമ്മാണമാണ് കിലയെ ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നത് **ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അറിവിലേക്കും തീരുമാനത്തിനുമായി സമർപ്പിക്കുന്നു**

**തീരുമാനം**

1. KIIFB പ്രോജക്റ്റിന്റെ നടപടികൾ അംഗീകരിച്ചു. അഭിമാനാർഹമായ പ്രവർത്തനമാണ കില നടപ്പിലാക്കിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തി.
2. 200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനത്തിനായുള്ള പദ്ധതി KIIFB അംഗീകരിക്കുന്ന മുറക്ക് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ് എന്ന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകളാണ് ഇവ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുവാനാണ് കില ഈ കാര്യങ്ങൾ ഏറ്റെടുക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗം ആണ് ഇതിന്റെ സാങ്കേതിക നടത്തിപ്പ് കാര്യങ്ങൾ നോക്കുക. KIIFB യുടെ ഭാഗമായുള്ള ഇത്തരം പ്രവർത്തികൾക്ക് ഒരു SPV ആവശ്യമാണ്. SPV ആയാണ് കിലയെ ഈ കാര്യം ഏൽപ്പിക്കുന്നത്. അതിന്റെ ഭാഗമായി ഒരു PMU രൂപീകരിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ സ്പഷ്ടീകരിച്ചു.

**ഐറ്റം നമ്പർ -05**

**റിപ്പോർട്ടിംഗ്**

**(1) അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്**

അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതി സംസ്ഥാന സഹകരണ വകുപ്പും പെരിന്തൽമണ്ണ EMS സഹകരണ ആശുപത്രിയും ചേർന്ന് നടപ്പിലാക്കി വരുന്നു. ആദിവാസികൾ ഉൾപ്പെടെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതോടൊപ്പം മദ്യം-മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.പദ്ധതിയുടെ തുടർ പ്രവർത്തനത്തിന്റെ ദിശയും സമീപനവും ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി സാമൂഹ്യ ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് സാമൂഹ്യ ഓഡിറ്റ് മേഖലയിൽ കിലക്കുള്ള സാങ്കേതിക വൈദഗ്ധ്യവും പരിചയവും കണക്കിലെടുത്ത് സാമൂഹ്യ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാന സഹകരണ വകുപ്പുമായി 287500 രൂപയുടെ പ്രോജക്റ്റ് തുകക്കുള്ള ToR കില ഒപ്പ് വെക്കുകയുണ്ടായി. പ്രോജക്റ്റ് കാലാവധി 3 മാസമാണ്.

**(2) മുൻ** AHADS – CCPRM **സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് ലഭിച്ചത് - സംബന്ധിച്ച്**

AHADS CCPRM (അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി സെന്റർ ഫോർ കോപ്രിഹെൻസീവ് പാർട്ടിസിപ്പേറ്ററി റിസോഴ്സ് മാനേജ്മെന്റ്) ന്റെ 14/12/2016 ൽ നടന്ന ഗവേണിംഗ് ബോഡി യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത സൊസൈറ്റി ഡിസോൾവ് ചെയ്ത് ഉപാധികളില്ലാതെ കിലയുമായി ലയിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ് (സ.ഉ (കൈ) നം.57/2017/തസ്വഭവ തീയതി 16/03/2017). 07/02/2017 തീയതിയിലെ 347/2017/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മറ്റിയെ AHADS CCPRM സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള ചുമതലപ്പെടുത്തിയിരുന്നു.

03/11/2020 തീയതിയിലെ കില ഡയറക്ടർ ജനറൽ സമർപ്പിച്ച അപേക്ഷ പ്രകാരം മുൻ AHADS CCPRM (അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി സെന്റർ ഫോർ കോപ്രിഹെൻസീവ് പാർട്ടിസിപ്പേറ്ററി റിസോഴ്സ് മാനേജ്മെന്റ്) സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദാക്കി കൊണ്ടുള്ള ഉത്തരവ് (17/12/2020 തീയതിയിലെ ജി3/4197/2020 നമ്പർ ഉത്തരവിന്റെ പകർപ്പ് (**അനുബന്ധം – 3)** പാലക്കാട് സംഘം രജിസ്ട്രാർ /ജില്ലാ രജിസ്ട്രാർ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ വിവരം 04/01/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളത് ഗവേണിംഗ് കൗൺസിൽ മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

**(3) കിലയിലെ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് – സംബന്ധിച്ച്**

24/12/2020 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ: സ.ഉ.(കൈ)നം. 201/2020/തസ്വഭവ **(അനുബന്ധം-4)** പ്രകാരം കിലയിൽ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവന കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ താഴെപ്പറയുന്ന പട്ടികപ്രകാരം അവർ നിലവിൽ ജോലി ചെയ്ത് വരുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1. | ശ്രീ. വിനോദ് കുമാർ സി | ലക്ച്ചറർ ഇൻ റ്റേറൽ ഇക്കണോമിക്സ് (മുമ്പ് ഫാക്കൽറ്റി ഇൻ റ്റേറൽ ഇക്കണോമിക്സ്) | 1 | Rs. 36,600-79,200/- |
| 2. | 1) ശ്രീമതി. ബിന്ദു.വി.കെ<br>2) ശ്രീമതി. രജനി. എം.എൻ | അസിസ്റ്റന്റ് ഗ്രേഡ് (മുമ്പ് ക്ലർക്ക്) | 2 | Rs.19,000-43,600/- |
| 3. | 1) ശ്രീമതി. ശ്രീലത . എസ്<br>2) ശ്രീ. ജിറ്റോ പി ജോർജ്ജ്<br>3) ശ്രീമതി. വരദകുമാരി. എൽ | ഡി ടി പി ഓപ്പറേറ്റർ | 3 | Rs. 19,000-43,600/- |
| 4. | 1) ശ്രീമതി. മല്ലിക. കെ.എസ്<br>2) ശ്രീമതി. ദീപ. പി. ബി | മൾട്ടിടാസ്ക് വർക്കർ (മുമ്പ് ഖലാസി) | 2 | Rs. 16,500-35,700/- |
| 5. | ശ്രീ.ജയകുമാർ. കെ | മൾട്ടിടാസ്ക് വർക്കർ (മുമ്പ് ഹോസ്റ്റൽ ബോയ്) | 1 | Rs. 16,500-35,700/- |
| 6. | ശ്രീ.സുരേഷ് കുമാർ. എസ് | മൾട്ടിടാസ്ക് വർക്കർ (മുമ്പ്മെസ് ക്ലീനർ) | 1 | Rs. 16,500-35,700/- |

പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം കില ഡയറക്ടർ ജനറലുടെ 28/12/2020 തീയതിയിലെ നടപടിക്രമം പ്രകാരം മേൽ ജീവനക്കാരെ കിലയിൽ സ്ഥിരപ്പെടുത്തി നിയമനം നൽകിയിട്ടുള്ളത് 04/01/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും ആയതു ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**(4) കിലയിലെ അർബൻ ചെയർ രൂപീകരിച്ചതിലേക്ക് നിയമനം നടത്തിയത് സംബന്ധിച്ച്**

കിലയിൽ അർബൻ ചെയർ രൂപീകരിച്ച് നിയമനം നടത്തുന്നത് സംബന്ധിച്ച വിശദാംശം താഴെച്ചേർക്കുന്നു
സെന്റർ ഫോർ അർബൻ ഗവേണൻസ് ശക്തിപ്പെടുത്തുവാൻ അർബൻ ചെയർ കിലയിൽ രൂപീകരിക്കുന്നതിനായി **16/01/2018 ലെ ഗവേണിംഗ് കൗൺസിൽ** തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം തദ്ദേശഭരണത്തിനനുസൃതമായ വൈദഗ്ധ്യവും വിദഗ്ധരായവരുടെ സേവനം ലഭ്യമാക്കുന്നതിനും, ഇതിന് വേണ്ട ധനസഹായം മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വിഹിതമായി ലഭ്യമാക്കുവാനുള്ള സാധ്യക്കനുസൃതമായി രൂപരേഖ തയ്യാറാക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. അതിൻപ്രകാരം അർബൻ പ്ലാനിംഗ് വിദഗ്ധനായ ശ്രീ.ലളിത്കുമാർ ദഷോറയെ ചുമതലപ്പെടുത്തി.
മേൽ രൂപരേഖ പ്രകാരം Centre for Urban Innovation (CUI) തുടങ്ങുന്നതിനും പ്രസ്തുത സെന്ററിൽ Urban Chair, Senior Urban Fellow, Urban fellow എന്നീ വിദഗ്ധരുടെ സേവനം മൂന്ന് വർഷത്തേക്ക് കിലയിൽ ലഭ്യമാക്കുവാനും ആയതിലേക്ക് 60,00,000 രൂപ വാർഷിക ചെലവ് പ്രതീക്ഷിക്കുന്നുണ്ട് അതോടൊപ്പം കിലയിലുള്ള പ്രൊഫസർ, റിസോഴ്സ് അംഗങ്ങൾ എന്നിവരെ ഈ ടീമിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സെന്ററിന്റെ നടത്തിപ്പിലേക്കാവശ്യമായ തുക കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വിഹിതമായി കിലക്ക് ലഭ്യമാക്കാനും നിർദ്ദേശിച്ചിരിക്കുന്നു.**ആയത് 5/7/ 2019 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി** മുമ്പാകെ സമർപ്പിച്ചു താഴെ പറയും പ്രകാരം തീരുമാനിച്ചു

തീരുമാനം:

1. കിലയിൽ നിലവിലുള്ള സെന്റർ ഫോർ അർബൻ ഗവേർണൻസ് എന്ന നാമധേയം നിലനിർത്തുക
2. നഗരകാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ആസൂത്രണത്തിനപ്പുറം ഗവേർണൻസും മറ്റ് വിഷയമേഖലകളും ഉൾപ്പെടുത്തേണ്ടതാണ്.
3. അർബൻ ചെയർ- ലേക്ക് വിദഗ്ധരെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. താഴെപ്പറയുന്ന വിദഗ്ധരെ കൺസൾട്ടൻസി/കരാർ രീതിയിൽ നിയോഗിക്കുവുന്നതാണെന്നും നിർദ്ദേശിച്ചു.
   i. Urban Chair ( പ്രൊഫസർ റാങ്കിലുള്ളവർ)
   ii. Senior Urban Fellow (അസോസിയേറ്റ് പ്രൊഫസർ റാങ്കിലുള്ളവർ)
   iii. Urban Fellow ( അസിസ്റ്റന്റ് പ്രൊഫസർ റാങ്കിലുള്ളവർ)

ഒരു Search committee യുടെ ശുപാർശ പ്രകാരം Urban Chair നെ നിയോഗിക്കുന്നതിനും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നടപടി മുഖാന്തരം Senior Urban Fellow, Urban Fellow എന്നിവരെ തിരഞ്ഞെടുക്കുവാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി.

പ്രൊപ്പോസൽ പ്രകാരമുള്ള തുക നഗരസഭകളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും ഒറ്റത്തവണയായി താഴെപ്പറയും പ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ

കൈക്കൊള്ളുവാൻ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

**27/8/2019 ഗവേണിംഗ് കൗൺസിൽ** കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുകയും അർബൻ ചെയറിന്റെ തസ്തികകൾ സ്ഥിരം തസ്തികകൾ ആക്കുന്നതിന് തീരുമാനിക്കുകയും സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അംഗീകാരത്തിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 10/10/2019 സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കില അർബൻ ചെയറിലേക്ക് മൂന്ന് സ്ഥിരം തസ്തികകൾ Urban Chair Professor , Senior Urban Fellow , Urban Fellow എന്നിവ സൃഷ്ടിച്ചുകൊണ്ട് 26/06/2020 നമ്പർ ഉത്തരവ് G.O (Ms) No. 101/2020/LSGD ലഭിക്കുകയും 15/10/2020 തീയതിയിലെ സർക്കാർ ഉത്തരവ് G.O (Rt) No. 1923/2020/LSGD പ്രകാരം ശമ്പളം പുതുക്കി നിശ്ചയിച്ച ഉത്തരവാകുകയും ചെയ്തു.

**14/10/2020 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി**യിൽ ടി തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി തീരുമാനമായിട്ടുള്ളതാണ്. പ്രസ്തുത തീരുമാന പ്രകാരം Urban Chair Professor , Senior Urban Fellow , Urban Fellow എന്നീ തസ്തികകളിലേക്ക് സ്ഥിരം നിയമനത്തിനുള്ള അപേക്ഷ 2 ഇംഗ്ലീഷ് പത്രത്തിലും 2 മലയാള പത്രത്തിലും പരസ്യം നൽകിയതിനെത്തുടർന്ന് ലഭ്യമായ അപേക്ഷയിൻമേൽ കൈക്കൊണ്ട നടപടികൾ ചുവടെച്ചേർക്കുന്നു.

<u>Urban Chair Professor</u> ലഭ്യമായ 13 അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി 10 ഉദ്യോഗാർത്ഥികളാണ് യോഗ്യരായിട്ടുള്ളത് എന്ന് കണ്ടെത്തുകയും 31/01/2021 ന് നടത്തിയ ഓൺലൈൻ ഇന്റർവ്യൂവിൽ 9 പേർ പങ്കെടുക്കുകയും ആയതിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഡോ. അജിത്ത് കാലിയത്തിന് നിയമന ഉത്തരവ് നൽകിയതിനെത്തുടർന്ന് ടിയാൻ 05/02/2021 ന് കിലയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഇന്റർവ്യൂ ബോർഡംഗങ്ങൾ :

1) sri. UV Jose IAS, Additional Secretary to LSGD,
2) Prof. M K Sukumaran Nair, Honble Director- Centre for Budget Studies,
3) Sri. K Devarajan, Member of Local Government Commission & Rtd Chief Town Planner

<u>Senior Urban Fellow</u>: ലഭ്യമായ 54 അപേക്ഷകരിൽ 03/02/2021 തീയതിയിൽ നടത്തിയ Zoom Meeting Online Screening Interview നെത്തുടർന്ന് 18 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇന്റർവ്യൂ ബോർഡിന്റെ മിനുട്സ് ലഭ്യമാകുകയും തുടർന്ന് 09/02/2021 തീയതി നടത്തിയ ഓൺലൈൻ ഇന്റർവ്യൂവിൽ 18 പേർ പങ്കെടുത്തു. ആയതിൽ ഡോ. രാജേഷ് കെ ഒന്നാം റാങ്ക് കരസ്ഥമാക്കുകയും 10/02/2021 തീയതിയിൽ നിയമന ഉത്തരവ് നൽകിയതിനെത്തുടർന്ന് ടിയാൻ 11/02/2021 തീയതിയിൽ കിലയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഇന്റർവ്യൂ ബോർഡംഗങ്ങൾ :

1) ശ്രീമതി. ജോസഫൈൻ, ചീഫ്, Decentralised Planning Division, Kerala State Planning Board
2) ശ്രീ. ഈപ്പൻ വർഗ്ഗീസ്, Former Chief Town Planner, Kerala
3) ഡോ. മാർട്ടിൻ പാട്രിക്, Rtd. Professor, Maharajas College, Ernakulam

<u>Urban Fellow</u>: ലഭ്യമായ 215 അപേക്ഷകരിൽ 30/01/2021, 01/02/2021 തീയതികളിൽ നടത്തിയ Zoom Meeting Online Screening Interview ൽ 82 ഉദ്യോഗാർത്ഥികൾ യോഗ്യരാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

**മേൽ തസ്തികകളിലെ നിയമനം സംബന്ധിച്ച നടപടികൾ ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**(5) ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച്**

03/06/2020 തീയതിയിലെ GO (MS) 90/2020/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 11/03/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനപ്രകാരവും കിലയിലെ ഡ്രൈവർ തസ്തികയിലേക്കുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം പ്രമുഖ പത്രങ്ങളിലും കില വെബ്സൈറ്റിലും നൽകിയത് അനുസരിച്ച് **3639** അപേക്ഷകൾ ലഭിക്കുകയുണ്ടായി. ടി അപേക്ഷകളുടെ യോഗ്യത തെളിയിക്കുന്ന റെക്കോർഡുകൾ കിലയുടെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായുള്ള നിർദ്ദേശം നൽകിയതനുസരിച്ച് **1903** അപേക്ഷകൾ ആണ് ലഭിച്ചിരുന്നത്. ടി അപേക്ഷകളിൽ യോഗ്യരായ 689 ഉദ്യോഗാർത്ഥികൾക്ക് ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന്റെ ആദ്യഘട്ടമായ എഴുത്തുപരീക്ഷ Centre for Management Development (CMD) മുഖേന 10/01/2021 തീയതിയിൽ നടത്തുകയുണ്ടായി. എഴുത്തുപരീക്ഷയിൽ യോഗ്യരായ 146 ഉദ്യോഗാർത്ഥികൾക്ക് രണ്ടാം ഘട്ടമായി പ്രാക്ടിക്കൽ ടെസ്റ്റ് 08/02/2021, 09/02/2021, 11/02/2021 എന്നീ തീയതികളിൽ കേരള മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ കിലയുടെ ഗ്രൗണ്ടിൽ നടത്തുകയുണ്ടായി. കേരള മോട്ടോർ വാഹന വകുപ്പ് പ്രാക്ടിക്കൽ ടെസ്റ്റിന്റെ റാങ്ക് ലിസ്റ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈകൊണ്ടു വരുന്നു.

ഡ്രൈവർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ 10 പേരെ ഉൾക്കൊള്ളിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനും ടി ലിസ്റ്റിന് മൂന്ന് വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കണം എന്നും തുടർന്നുള്ള ഒഴിവുകൾ ഇതിൽ നിന്നും നികത്തണമെന്നും 14/10/2020 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 10 പേരെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കി തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**മേൽ തസ്തികയിലെ നിയമനം സംബന്ധിച്ച നടപടികൾ ഗവേണിംഗ് കൗൺസിലിന്റെ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**(6) റിസർച്ച് അസോസിയേറ്റ് നിയമനം സംബന്ധിച്ച്-**

കിലയിൽ നിലവിലുള്ള രണ്ട് റിസർച്ച് അസോസിയേറ്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ/ കരാറടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയിട്ടുള്ളത്. ആയതിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച റിസർച്ച് അസോസിയേറ്റിന്റെ സേവന കാലാവധി **15/02/2021** നും കരാർ വ്യവസ്ഥയിൽ പ്രവേശിച്ചയാളുടെ സേവന കാലാവധി

14/10/2021 നു അവസാനിക്കുകയാണ്. (കരാർ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ചയാൾ 31/01/2021 തീയതിയിൽ വിടുതൽ ചെയ്തിട്ടുണ്ട്). പ്രസ്തുത സാഹചര്യത്തിൽ റിസർച്ച് അസോസിയേറ്റ് നിയമനം സംബന്ധിച്ച തീരുമാനത്തിനായി 04/01/2021 തീയതിയിൽ കൂടിയ പന്ത്രണ്ടാമത് കില എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ സമർപ്പിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു

> തസ്തികയിലെ യോഗ്യതാ മാനദണ്ഡം പുതുക്കി നിശ്ചയിച്ച റിസർച്ച് അസോസിയേറ്റുകളായി സേവനമനുഷ്ഠിക്കുന്നവരുടെ സേവന കാലാവധി പൂർത്തീകരിക്കുന്നതിനനുസരിച്ച് 3 വർഷത്തേക്ക് കരാർ നിയമനം നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് മൂന്ന് വർഷക്കാലാവധിക്ക് ശേഷം Performance & Evaluation ന്റെ അടിസ്ഥാനത്തിലും കിലയുടെ HR പോളിസിക്ക് വിധേയമായും സ്ഥിരപ്പെടുത്തുവാൻ തീരുമാനിക്കുയും ചെയ്തു. റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ 3 വർഷത്തിനുശേഷം സ്ഥിരപ്പെടുത്തിയേക്കാമെന്നും ആയത് കിലയുടെ HR പോളിസിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും സൂചിപ്പിക്കണം എന്നും ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടാകും എന്നും തീരുമാനിച്ചു. പുതുക്കിയ യോഗ്യതാ മാനദണ്ഡം താഴെച്ചേർക്കുന്നു.

| | |
|---|---|
| Scale of Pay for the Post of Research Associate | Rs.29200-62400 |
| Eligible Qualification (As amended by Executive Committee decision dated 24/10/2018 – Item No.4) | **Essential Qualification**<br>• Post Graduate Degree in Public Administration/ Political Science / Rural Development / Regional Planning / Area Planning/Mathematics/Statistics/in any related subject<br>• First class Graduation in Mathematics/Statistics<br>• Experience in collection of data and survey<br>• Certificate in data science and analytical programme – course not less than 3 months or the PG curriculum should include the topic<br>**Desirable:**<br>• M Phil.<br>• Publication of papers/ articles.<br>• Proficiency in Data base Management/Software/Big data Analytics Data Mining<br>• Past experience in Data Processing/Data Analysis |

എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനമനുസരിച്ച് റിസർച്ച് അസോസിയേറ്റ് തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിന് പ്രമുഖ പത്രങ്ങളിലും കില വെബ്സൈറ്റിലും പരസ്യം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്കുള്ള 04/01/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനവും ആയത് പ്രകാരം സ്വീകരിച്ച് വരുന്ന തുടർനടപടികളും **ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**(7) പ്രോജക്ടുകൾ സംബന്ധിച്ച്**

2020-21 സാമ്പത്തിക വർഷത്തിൽ വിവിധ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ട് പ്രവർത്തനം ആരംഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ രത്നച്ചുരുക്കം 04/01/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചിട്ടുള്ളത് **ഗവേണിംഗ് കൗൺസിൽ മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.**

| Sl No | Name of Project | Project Amount | Project Period | Funding Agency |
|---|---|---|---|---|
| 1 | Strengthening GPs Capacity to Monitor and Improve emergency Resilience at Local Level | INR 805,000 | 17 August 2020 to 16 December 2020 | UNICEF |
| 2 | Development of the module for the training of Ward Councilors of Patna Municipal Corporation | INR 150,000 | 8th September 2020 to 28th September 2020 | UNFPA / Diksha Foundation - Patna |
| 3 | Local Governance during COVID 19 Pandemic time | INR 1,358,500 | 1st October 2020 to 16th January 2021 | Azim Premji University - Karnataka |
| 4 | Integrating Climate Change within Public Finance Policies: Evidence from India, Nepal and Sri Lanka | £ 2300 | May to Dec 2020 | University of Essex |

**തീരുമാനം**

1) അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് കില ഡയറക്ടർ ജനറലിന്റെ നടപടി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു
2) മുൻ AHADS – CCPRM സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് ലഭിച്ചതിൽ ഗവേണിംഗ് കൗൺസിൽ സംതൃപ്തി രേഖപ്പെടുത്തി
3) സർക്കാർ ഉത്തരവ് പ്രകാരം കിലയിലെ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കില ഡയറക്ടർ ജനറലിന്റെ നടപടി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു
4) കിലയിലെ അർബൻ ചെയർ രൂപീകരിച്ചതിലേക്ക് നിയമനം നടത്തിയത് സംബന്ധിച്ച്
   - Urban Chair Professor, Senior Urban Fellow എന്നീ തസ്തികളിലേക്ക് നടത്തിയ നിയമന നടപടികൾ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു. സീനിയർ അർബൻ ഫെല്ലോയുടെ കാര്യത്തിൽ അന്തിമ കോടതി വിധി ബാധകമായിരിക്കും.
   - Urban Fellow തസ്തികയിലേക്കുള്ള നിയമന നടപടികൾ ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ മതിയെന്ന് ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു.
   - അർബൻ ചെയർ രൂപീകരണവുമായി ബന്ധപ്പെട്ട തസ്തികകളുടെ നിയമന നടപടികളിന്മേൽ ബഹു. ആലത്തൂർ നിയോജകമണ്ഡലം എം.പി. യുടെ വിയോജിപ്പ് രേഖപ്പെടുത്താൻ അറിയിച്ചതിനെത്തുടർന്ന് വിയോജിപ്പ് രേഖപ്പെടുത്തുന്നു
5) ഡ്രൈവർ തസ്തികയിലേക്ക് നടത്തിയ നിയമന നടപടിയുടെ ഭാഗമായി പ്രാക്ടിക്കൽ ടെസ്റ്റ് നടത്തിയതിൽ പക്ഷപാതപരമായ സമീപനം ഉണ്ടായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. ഈ അഭിപ്രായത്തോട് ബഹു. ആലത്തൂർ എം.പി. യോജിപ്പ് അറിയിച്ചു.

6) റിസർച്ച് അസോസിയേറ്റ് നിയമനം സംബന്ധിച്ച്

- എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച റിസർച്ച് അസോസിയേറ്റ് തസ്തികയുടെ പുതുക്കിയ യോഗ്യതാ മാനദണ്ഡം ബൈലോയിൽ ഭേദഗതി വരുത്തി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു
- റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് കില ഡയറക്ടർ ജനറൽ കൈക്കൊണ്ട നിയമന നടപടികൾ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു

7) കില ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ടുകൾ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു

**ഐറ്റം നമ്പർ : 6**
**കില പ്രവർത്തന റിപ്പോർട്ട് – 2020-21**

2020-21 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഫെബ്രുവരി 10 വരെ കില നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം ഗവേണിംഗ് കൗൺസിൽ മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു **(അനുബന്ധം –5)**

**തീരുമാനം**

1) കിലയുടെ പ്രവർത്തനങ്ങളിൽ ഗവേണിംഗ് കൗൺസിൽ അഭിനന്ദനം അറിയിച്ചു
2) Capacity Building Training of State & District Officials – SANKALP പ്രോജക്ട് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ Ministry of Skill Development & Entrepreneurship, Govt. of India യും കിലയും സംയുക്ത കരാറിലേർപ്പെട്ടു. 13/02/2021 തീയതിയിൽ ന്യൂഡൽഹിയിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച ചടങ്ങിൽ വെച്ചാണ് കില ഡയറക്ടർ ജനറൽ കരാറിൽ ഒപ്പുവെച്ചത്. കിലയും ഒപ്പം Indian Institute of Management (IIM) മാണ് ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി തെരഞ്ഞെടുത്തിട്ടുള്ളത് എന്നത് കില ഡയറക്ടർ ജനറൽ അറിയിച്ചതിനെത്തുടർന്ന് ഗവേണിംഗ് കൗൺസിൽ അഭിനന്ദനം രേഖപ്പെടുത്തി
3) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയും കിലയും കേരള ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. കില ഡയറക്ടർ ജനറലുടെ ടി നടപടി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു

**അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**

**യോഗം ഉച്ചക്ക് 2 മണിക്ക് അവസാനിച്ചു.**

എ.സി. മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**ശ്രീ. എ.സി. മൊയ്തീൻ**
**ചെയർപേഴ്സൺ, ഗവേണിംഗ് കൗൺസിൽ കില**

Office of the Minister for Local Self Government Department
Govt. Secretariat
Thiruvananthapuram